വലയ്ക്കുള്ളിൽ നിക്ഷേപിച്ചിരിക്കുന്ന കരിങ്കൽ കഷണങ്ങൾക്കിടയ്ക്ക് എക്കലും ചെളിയും അടിയുകയും അതിൽ നിന്നും വളർന്നുവരുന്ന ചെറുതും വലുതുമായ സസ്യജാലങ്ങൾ ഇതിന്റെ ഒരു സ്ഥിരമായ സ്ട്രക്ചർ ആക്കി നിലനിറുത്തുകയും പരിസ്ഥിതിയെ സംരക്ഷിക്കുകയും ചെയ്യുന്നു.

(ഡി&ഇ) 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 2011-2013 കാലയളവിൽ കടൽഭിത്തി നിർമ്മാണത്തിനുള്ള കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സുനാമി ബാധിത പ്രദേശങ്ങളിൽ ആരംഭിച്ച കടൽഭിത്തി നിർമ്മാണ പ്രവർത്തനങ്ങളിൽ തൃശ്ശൂർ ജില്ലയിലെ എസ്.എൽ.പുരം പഞ്ചായത്തിലെ രണ്ടും വാടാനപ്പിള്ളി പഞ്ചായത്തിലെ ഒന്നും പുനരുദ്ധാരണ പ്രവൃത്തികൾ ഒഴികെ മറ്റുള്ളവയും പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കടൽഭിത്തിയും 35.177 കി.മീറ്റർ നീളത്തിൽ പുനരുദ്ധാരണവും പൂർത്തിയായിട്ടുണ്ട്.

അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

25(*235) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർസംസ്ഥാന ബസ് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തമിഴ്നാട്-കർണ്ണാടകം എന്നീ സംസ്ഥാനങ്ങളുമായി അന്തർ സംസ്ഥാന ബസ് സർവ്വീസ് സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള കരാറിലെ വ്യവസ്ഥകൾ വ്യക്തമാക്കുമോ ;

(സി) അന്തർസംസ്ഥാന സർവ്വീസുകൾ ലാഭകരമാണോ എന്ന് വിശദമാക്കുമോ ;

(ഡി) വോൾവോ ബസ്സുകൾ സർവ്വീസ് തുടങ്ങിയശേഷം അന്തർ സംസ്ഥാന സർവ്വീസ് മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ ;

(ഇ) കൂടുതൽ അന്തർസംസ്ഥാന ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ,

(എ) ഇരു അയൽ സംസ്ഥാനങ്ങളുമായും അന്തർ സംസ്ഥാന സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ആർ.ടി.സി. കാലാകാലങ്ങളിൽ അനുയോജ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. ബഹുഭൂരിപക്ഷം അന്തർ സംസ്ഥാന സർവ്വീസുകൾക്കും പുതിയ ബസുകളാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

പുഷ്ബാക്ക് ഇരിപ്പിടമുള്ള പുതിയ എക്സ്പ്രസ് ബസുകൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള സൂപ്പർ ഫാസ്റ്റ് ബസുകൾ മാറ്റി എക്സ്പ്രസ് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകൾക്ക് ഉപയോഗിക്കുന്ന വോൾവോ എ.സി. ഇനത്തിൽപ്പെട്ട സൂപ്പർ ക്ലാസ് ബസുകൾ ഉപയോഗിച്ച് അന്തർ സംസ്ഥാന റൂട്ടിലെ യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിൽ ഓൺലൈൻ റിസർവ്വേഷൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 1976-ൽ നിലവിൽ വന്ന കേരള തമിഴ്നാട് അന്തർ സംസ്ഥാന ഗതഗത കരാറിന്റെ തുടർച്ചയായി 26-10-2007-ൽ ഏഴാമത് സപ്ലിമെന്ററി അന്തർ സംസ്ഥാന ഗതാഗത കരാർ നിലവിൽവന്നു. പ്രസ്തുത കരാർ 26-6-2008-ലെ ജി.ഒ.(പി)നമ്പർ 25/08/ട്രാൻ നമ്പർ വിജ്ഞാപന പ്രകാരം (അനുബന്ധം -എ)* പ്രകാരം പ്രസിദ്ധീകരിച്ചു. ഈ കരാർ പ്രകാരം ഇരു സംസ്ഥാനങ്ങളിലെയും ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്ക് അയൽ സംസ്ഥാനത്തേക്ക് നടത്താവുന്ന സർവ്വീസുകൾ, ഓടിക്കാവുന്ന ദൂരം, കൃത്യമായ റൂട്ടുകൾ, ബസുകളുടേയും ട്രിപ്പുകളുടേയും എണ്ണം, സ്പെഷ്യൽ സർവ്വീസ് നടത്തിപ്പുകൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിലുള്ള കരാർ പ്രകാരം തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്ക് കേരളത്തിൽ 4226.6. കി.മീ. ദൂരവും കെ.എസ്.ആർ.ടി.സി.ക്ക് തമിഴ്നാട്ടിൽ 4232.4. കീ.മീ. ദൂരവും ഓടിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത കരാറിലെ സ്റ്റേജ് കാരേജ് സർവ്വീസുകൾ സംബന്ധിച്ച വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

(എ) 20-6-2008-ലെ വിജ്ഞാപനത്തിന്റെ അനുബന്ധം I ൽ* കാണിച്ചിട്ടുള്ള പുതിയ അന്തർ സംസ്ഥാന റൂട്ടുകൾ നടത്തുന്നത് തമിഴ്നാട് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനായിരിക്കും.

(ബി) തമിഴ്നാട് സർക്കാരിന്റെ നിലവിലുള്ള റൂട്ടുകളെ അനുബന്ധം II ആയി പരിഷ്കരിക്കും

(സി) അനുബന്ധം III ൽ* കാണിച്ചിട്ടുള്ള പുതിയ അന്തർ സംസ്ഥാന റൂട്ടുകൾ നടത്തുന്നത് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനായിരിക്കും.

(ഡി) കേരള സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നിലവിലുള്ള റൂട്ടുകളെ അനുബന്ധം IV ആയി* പരിഷ്കരിക്കും.

(ഇ) കേരള സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷൻ നടത്തുന്നതിനായി അനുബന്ധം V ൽ* കാണിച്ചിട്ടുള്ള റൂട്ടുകളെ ഒഴിവാക്കുന്നതായിരിക്കും.

1976-ൽ നിലവിൽ വന്ന കേരള-കർണ്ണാടക അന്തർ സംസ്ഥാന ഗതാഗത കരാറിന്റെ തുടർച്ചയായി 25-8-2008-ൽ നാലാമത് സപ്ലിമെന്ററി അന്തർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗതാഗത കരാർ നിലവിൽ വന്നു. പ്രസ്തുത കരാർ 6-2-2009-ലെ ജി.ഒ.(പി) നമ്പർ 21/2009/ട്രാൻ നമ്പർ വിജ്ഞാപന (അനുബന്ധം ബി)* പ്രകാരം പ്രസിദ്ധീകരിച്ചു. ഈ കരാർ പ്രകാരം ഇരു സംസ്ഥാനങ്ങളിലെയും ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്ക് അയൽ സംസ്ഥാനത്തേക്ക് നടത്താവുന്ന സർവ്വീസുകൾ, ഓടിക്കാവുന്ന ദൂരം, കൃത്യമായ റൂട്ടുകൾ, ബസുകളുടെയും ട്രിപ്പുകളുടെയും എണ്ണം, സ്പെഷ്യൽ സർവ്വീസ് നടത്തിപ്പുകൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിലുള്ള കരാർ പ്രകാരം കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്ക് കേരളത്തിൽ 14343 കി.മി. ദൂരവും കെ.എസ്.ആർ.ടി.സി.ക്ക് കർണ്ണാടകത്തിൽ 14401 കി.മി. ദൂരവും ഓടിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത കരാറിലെ സർവ്വീസുകൾ സംബന്ധിച്ച വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. <u>സ്റ്റേജ് കാരേജുകൾ</u>

(എ) 6-2-2009-ലെ വിജ്ഞാപനത്തിന്റെ അനുബന്ധം I-ൽ* കാണിച്ചിട്ടുള്ള അന്തർ സംസ്ഥാന റൂട്ടിലെ സ്റ്റേജ് കാരേജ് സർവ്വീസുകൾ പൂർണ്ണമായും കർണ്ണാടക സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷന്റേതായിരിക്കും.

(ബി) അനുബന്ധം II-ൽ* കാണിച്ചിട്ടുള്ള അന്തർ സംസ്ഥാന റൂട്ടിലെ സ്റ്റേറ്റ് കാരേജ് സർവ്വീസുകൾ പൂർണ്ണമായും കേരള സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷന്റേതായിരിക്കും.

(സി) കർണ്ണാടകം ഓപ്പറേറ്റു ചെയ്യുന്നതായി അനുബന്ധം III-ൽ* കാണിച്ചിട്ടുള്ള ട്രിപ്പുകളുടെ എണ്ണം ഓരോ റൂട്ടിനും നേരെ സൂചിപ്പിച്ചിട്ടുള്ളതിനനുസരിച്ച് കൂടുന്നതായിരിക്കും.

(ഡി) അനുബന്ധം IV-ന്റെ* കോളം 2 ലെ കർണ്ണാടക സംസ്ഥാന ട്രാൻപോർട്ട് കോർപ്പറേഷന്റെ നിലവിലുള്ള റൂട്ടുകളിൽ ഓരോ റൂട്ടിനും നേരെ കോളം 8-ൽ സൂചിപ്പിച്ചിട്ടുതിനനുസരിച്ച് വ്യത്യാസം വരുത്തുന്നതായിരിക്കും.

(ഇ) അനുബന്ധം V-ൽ* കേരള സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷൻ സർവ്വീസ് നടത്തുന്നതായി കാണിച്ചിട്ടുള്ള അന്തർ സംസ്ഥാന റൂട്ടിലുള്ള ട്രിപ്പുകളെ ഓരോ റൂട്ടിനും നേരെ കാണിച്ചിട്ടുള്ളതിനനുസരിച്ച് എണ്ണം കൂടുകയും വ്യത്യാസം വരുത്തുകയും ചെയ്യുന്നതായിരിക്കും.

(എഫ്) അനുബന്ധം VI-ൽ* കേരള സംസ്ഥാന ട്രാൻപോർട്ട് കോർപ്പറേഷൻ സർവ്വീസ് നടത്തുന്ന നിലവിലുള്ള റൂട്ടുകളുടെ ലിസ്റ്റ് ഒഴിവാക്കുന്നതാണ്.

(ജി) ഉത്സവ സീസൺ, മേളകൾ എന്നിവയുമായി ബന്ധപ്പെട്ട് രണ്ട് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളും നടത്തുന്ന അധിക സർവ്വീസുകളുടെ വിശദാംശങ്ങൾ അനുബന്ധം VII-ൽ* കാണിച്ചിരിക്കുന്നതുപോലെയായിരിക്കും.

(എച്ച്) വേനൽകാല സീസണിലെ രണ്ട് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളും നടത്തുന്ന അധിക സർവ്വീസുകൾ അനുബന്ധം VIII-ൽ* കാണിച്ചിരിക്കുന്നതുപോലെയായിരിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ജോയിന്റ് ഓപ്പറേഷൻ

മുമ്പുള്ള മൂന്നു സപ്ലിമെന്ററി കരാറുകളിലും പ്രധാന കരാറിലും ജോയിന്റ് ഓപ്പറേഷനുവേണ്ടി നീക്കിവെച്ചിട്ടുള്ള റൂട്ടുകളിൽ ബസുകളും ട്രിപ്പുകളും ഓപ്പറേറ്റുചെയ്യുന്നതിനുള്ള അവകാശം രണ്ട് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്കും മാത്രമായിരിക്കും. മാറ്റേതെങ്കിലും അനുബന്ധത്തിൽ ജോയിന്റ് ഓപ്പറേഷൻ റൂട്ടിൽ നിലനിൽക്കുന്ന ഒഴിവ് അതാത് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ അവകാശപ്പെടേണ്ടതും പെർമിറ്റ് അനുവദിക്കേണ്ടതും കൗണ്ടർ സൈൻ ചെയ്യേണ്ടതുമാണ്.

3. സ്പെഷ്യൽ സർവ്വീസ്

കേരളത്തിലെ ശബരിമല, ഓണം സീസണുകളിലും കർണ്ണാടകത്തിലെ ദസ്റ ഉത്സവത്തിനും ക്രിസ്തുമസ് സീസണിലും വേനലവധിക്കാലത്തും രണ്ടു സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളും സിംഗിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിൽ അധിക ബസ് സർവ്വീസ് നടത്തുന്നതായിരിക്കും. സ്റ്റേജ് കാര്യേജുകളുടെ എണ്ണം, സർവ്വീസ് നടത്തുന്ന റൂട്ട്, സർവ്വീസിന്റെ കാലാവധി എന്നിവ രണ്ട് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളും ചർച്ച നടത്തി കരാറിലെത്തുന്നതായിരിക്കും. സ്പെഷ്യൽ സർവ്വീസിനുള്ള ചാർജ്ജ് ഉത്സവ സമയങ്ങളിൽ അറിയിക്കുന്നതായിരിക്കും.

(സി) കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകളിൽ നിന്നും ശരാശരി 23 രൂപ 15 പൈസ കി.മീ പ്രിവരുമാനം (EPKM) ലഭിക്കുന്നുണ്ട്. ദൈനംദിന ചിലവുകളുടെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്തുമ്പോൾ ഒരു ഷെഡ്യൂളിന് 20 രൂപയെങ്കിലും (EPKM) ലഭിച്ചാൽ മാത്രമേ നഷ്ടം കൂടാതെ സർവ്വീസ് നടത്താനാകൂ. ഇപ്പോൾ ഓടിക്കുന്ന 262 ഷെഡ്യൂളുകളിൽ 63 ഷെഡ്യൂളുകൾ 20 രൂപയ്ക്ക് താഴെമാത്രം വരുമാനം ലഭിക്കുന്നവയാണ്.

(ഡി) ഉണ്ട്.

(ഇ) പുതിയ കർണ്ണാടക സർക്കാരുമായി പുതിയ കരാർ വരുന്ന മുറയ്ക്ക് കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

26(*236) ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly